*01-07-2026*
*Annexure to submission raised by Shri N. K. Akbar, MLA*

കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 304-ാം ചട്ടപ്രകാരം ഗുരുവായൂർ ക്ഷേത്ര വിസകനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും സംബന്ധിച്ച വിഷയത്തിന്മേൽ ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ ഉന്നയിച്ച 01.07.2026-ലെ സബ്മിഷൻ നോട്ടീസിനുള്ള മറുപടി.

ചാവക്കാട് താലൂക്കിലെ ഗുരുവായൂർ വില്ലേജിൽ ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിനും ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട സംശയനിവാരണത്തിന് ബന്ധപ്പെടുന്നതിനുമായി 09-02-2026-ൽ ഗുരുവായൂർ ലാൻഡ് അക്വസിഷൻ ഓഫീസ് (എൽ.എ) നേരിട്ട് പാഞ്ചജന്യം അനക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

റവന്യൂ (ബി) വകുപ്പിന്റെ 19-12-2025-ലെ സ. ഉ (കൈ) 338/2025/RD നമ്പർ ഉത്തരവ് പ്രകാരം ചാവക്കാട് താലൂക്കിലെ ഗുരുവായൂർ വില്ലേജിൽ ഗുരുവായൂർ ദേവസ്വത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 20-02-2026-ലെ സ. ഉ (അച്ചടി) നമ്പർ 81/2026/റവ, സ.ഉ(അച്ചടി) നമ്പർ 82/2026/റവ-എന്നീ ഉത്തരവുകൾ പ്രകാരം 728, 729 നമ്പർ ഗസറ്റ് പ്രകാരം II(1) പ്രസിദ്ധീകരിച്ചുട്ടുണ്ട്. 02-03-2026-ൽ കേരള കൗമുദി, മംഗളം എന്നീ രണ്ട് പ്രാദേശിക പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപനം പരസ്യപ്പെടുത്തുന്നതിനായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)-യുടെ 26-02-2026-ലെ GDLA/07/2026 നമ്പർ കത്ത് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ, തഹസിൽദാർ, ചാവക്കാട് താലൂക്ക്, സെക്രട്ടറി, ഗുരുവായൂർ മുനിസിപ്പാലിറ്റി, സെക്രട്ടറി, ചാവക്കാട് മുനിസിപ്പാലിറ്റി, ഗുരുവായൂർ വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ നിർദേശം നൽകിയിട്ടുണ്ട്.

ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിർണ്ണയം നടത്തുന്നതിനായി 20-02-2023 മുതൽ മൂന്ന് വർഷകാലയളവിൽ നടന്നിട്ടുള്ള വിലയാധാരങ്ങളുടെ പകർപ്പ് ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ)-യുടെ 20-02-2026-ലെ GDLA/01/2026 നമ്പരായി കോട്ടപ്പടി സബ് രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നതും ആയതിൻ പ്രകാരം ഗുരുവായൂർ, ഇരിങ്ങപ്പുറം, തൈക്കാട് എന്നീ വില്ലേജ് പരിധികളിലുള്ള 77 ആധാരങ്ങൾ ലഭിച്ചിട്ടുള്ളതും,

*01-07-2026*
*Annexure to submission raised by Shri N. K. Akbar, MLA*

ആയതിൽ നിന്നും സെന്ററിന് 15 ലക്ഷത്തിന് മേലേ വില വരുന്ന 10 ആധാരങ്ങളും, ടി സ്ഥലങ്ങളും പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ 11(1) വിജ്ഞാപനത്തിന്മേൽ ലഭിച്ചിട്ടുള്ള 114 ആക്ഷേപങ്ങളിൽ 27-4-2026 മുതൽ 19-5-2026 വരെ ഹിയറിങ് നടത്തിയിട്ടുള്ളതും, ആയതിന്റെ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനായി തയ്യാറാക്കി വരുന്നതുമാണ്. കൂടാതെ പ്രസ്തുത ഭൂമിയിലെ സർവെ നമ്പറുകളുടെ സബ് ഡിവിഷനുകളും, അളവുകളും നിർണ്ണയിക്കുന്നതിനായി സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 110, 112 എന്നീ സർവെ നമ്പരുകളിലെ സർവെ നടപടികൾ പുരോഗമിച്ചുവരുന്നു.

10-07-2024-ലെ 4(1) നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പിലെ കാലതാമസത്തിന് ഓരോ ദിവസവും ഏകദേശം 10,00,000/-ൽ അധികം രൂപ റിക്വസിഷൻ അതോറിറ്റിയായ ഗുരുവായൂർ ദേവസ്വത്തിന് ബാധ്യത വരുന്നതാണ്. ഗസറ്റ് 1 സർവെ നമ്പരുകളിലെ RR Package തയ്യാറാക്കുന്നതിനുള്ള Data Collection പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപെട്ട് ശ്രീ. വാസുദേവൻ നമ്പൂതിരി, ശ്രീ.രാധാകൃഷ്ണൻ കെ. കെ എന്നിവർ ഫയൽ ചെയ്ത WP(C) No.18433/2026 കേസ് ബഹു.കോടതിയുടെ പരിഗണനയിലാണ്. കൈവശക്കാർക്ക് സ്ഥാവര ജംഗമ വസ്തുക്കളുടെ വിലകൾ നൽകുന്നതിന് വേണ്ടി പുനരധിവാസ പദ്ധതി (RR Package) തയ്യാറാക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ മൂല്യനിർണ്ണയത്തിനായി PWD-യ്ക്കും കാർഷിക വിളകളുടെ മൂല്യനിർണ്ണയത്തിനായി കൃഷിവകുപ്പിനും, വൃക്ഷങ്ങളുടെ മൂല്യനിർണ്ണയത്തിനായി ഫോറസ്റ്റ് വകുപ്പിനും കത്ത് നൽകിയിട്ടുള്ളതാണ്.

നിലവിൽ ഗുരുവായൂർ ക്ഷേത്രത്തിനോട് ചേർന്ന് നിൽക്കുന്ന പരിസര പ്രദേശങ്ങളിൽ Acquire ചെയ്യാനുദ്ദേശിക്കുന്നതുൾപ്പെടെ ഏകദേശം 16.50 ഏക്കർ സ്ഥലം ഉൾപ്പെടുത്തി ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ദേശിയ തലത്തിൽ Expression of Interest (EOI) വിളിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭക്തജന സൗകര്യാർഥവും ക്ഷേത്ര വികസനാർഥവും ഉള്ള പ്രവൃത്തികളാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ക്ഷേത്ര വികസനത്തിനും ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നിർമ്മാണങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

*01-07-2026*

*Annexure to submission raised by Shri N. K. Akbar, MLA*

മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസലിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു.

*01-07-2026*
*Annexure to submission raised by Shri N. K. Akbar, MLA*

| Guruvayur Devaswom | |
|---|---|
| **MASTER PLAN (Proposals only)** | |
| DETAILS OF REQUIRMENTS/FACILITIES INCLUDED IN MASTER PLAN (Proposals only) | |
| SL No | **REQUIRMENTS/FACILITIES** |
| 1. | Temple compound Chuttambalam widening |
| 2. | Queue Complex (For 10000 person A/C) - including Security measures, Cloak rooms, Chappal Counters, Standing places with Waiting areas, Tea and Snacks Counter and Wash rooms etc. |
| 3. | Prasada ootu Hall For (5000 person) with Kitchen Arrangement etc. |
| 4. | Comfort stations/Toilets facilities and Cloak rooms at four sides of Temple |
| 5. | Tickets counter, Prasada counters, Information counters & Book stall at four sides of Temple |
| 6. | Restroom for Ladies & Gents separately |
| 7. | Renovation of Theerthakulam |
| 8. | Godown for Temple |
| 9. | Museum |
| 10. | Replacing and Construction of Melputhur Auditorium |
| 11. | Permanent Auditorium at North side & South side |
| 12. | Footpaths /Buggy road / Emergency/ Ambulance way facilities in Temple Premises |
| 13. | Facilities for Elephants for seeveli & mahouts |
| 14. | Over head tanks, Drinking water facility |
| 15. | Providing Gopuram at South, North & West Nadas |
| 16. | Providing compound wall & Shop rooms near 100 metre boundaries |
| 17. | Security / Police control room |
| 18. | Ayyappa Devottees Restroom |